शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**302**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015–16

## മലയാളം

**സ്റ്റാൻഡേർഡ് - III** | **സമയം : 2 മണിക്കൂർ**

കുട്ടിയുടെ പേര് ..............................................

വിദ്യാലയത്തിന്റെ പേര് ..............................................

രക്ഷിതാവിന്റെ ഒപ്പ് ..............................................

അധ്യാപകന്റെ ഒപ്പ് ..............................................

| നം. | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|
| 1. | കത്തെഴുതാം | |
| 2. | കുറിപ്പ് തയ്യാറാക്കാം | |
| 3. | ഡയറി എഴുതാം | |
| 4. | കവിത പൂരിപ്പിക്കാം | |
| 5. | വിവരണം തയ്യാറാക്കാം | |
| | ഗ്രേഡ് | |

പ്രവർത്തനം 1

**കത്തെഴുതാം**

അരുണിമയും മാധുരിയും ഒന്നിച്ചു പഠിക്കുന്നവരാണ്. മാധുരിയുടെ ജന്മദിനം അടുത്തുവരികയാണ്. അവൾക്കൊരു സമ്മാനം നൽകണം. എന്ത് സമ്മാനമാണ് നൽകുക? പുള്ളിയുള്ള മഞ്ഞപ്പാവാട അവൾ ഏറെ കൊതിക്കുന്നുണ്ടെന്ന് അരുണിമക്കറിയാം. അരുണിമ അച്ഛനോട് പറഞ്ഞു. "അച്ഛാ നാളെയല്ലേ നമ്മൾ പുതുവത്സര സമ്മാനം വാങ്ങാൻ പോകുന്നത്? എനിക്ക് ഇത്തവണ രണ്ടുടുപ്പ് വേണം." "എന്തിനാണ് രണ്ടുടുപ്പ്?" അച്ഛൻ ചോദിച്ചു. "ഒന്ന് എന്റെ കൂട്ടുകാരിക്കാ. ഒരു നല്ല മഞ്ഞപ്പാവാട" അരുണിമ പറഞ്ഞു. "ശരി സമ്മതിച്ചു." അരുണിമ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

ഈ വിവരം എത്രയും വേഗം മാധുരിയെ അറിയിക്കണം. അവൾ കൂട്ടുകാരിക്ക് കത്തെഴുതാൻ തുടങ്ങി. നമുക്കും എഴുതി നോക്കിയാലോ? ആശംസകൾ അറിയിക്കാൻ മറക്കരുതേ.

താഴെ കാണുന്ന പദങ്ങൾക്ക് സമാനമായ അർത്ഥം വരുന്ന പദങ്ങൾ എഴുതുക

ഒന്നിച്ചു പഠിക്കുന്നവർ

ജന്മദിനം

പ്രവർത്തനം 2

കുറിപ്പ് തയ്യാറാക്കാം

ഒരിക്കൽ മുക്കുറ്റിയോട് വാനം വഴക്കടിച്ചതും മുക്കുറ്റിയുടെ മിഴികൾ ഈറനായതും അവസാനം വാനം തോൽവി സമ്മതിച്ചതും "നക്ഷത്രവും പൂവും' എന്ന കവിതയിൽ നിങ്ങൾ പഠിച്ചുവല്ലോ?

"കണ്ണഞ്ചുമാറായി വ്യോമം - മണ്ണിൽ
ഇത്രയുമുണ്ടാവുമോ ചന്തം.
നക്ഷത്രമെത്ര നിസ്സാരം ഇതാ,
ഭൂമിയിലെ പൊന്നുതാരം."

എന്ന വരികൾ കൊണ്ട് കവി എന്താണ് അർത്ഥമാക്കുന്നതെന്ന് "നക്ഷത്രവും പൂവും" എന്ന കവിതയിലെ ആശയം ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

2. ഇവിടെ 'പൊന്നുതാരം' എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

3. 'വ്യോമം' എന്ന വാക്കിന്റെ അർത്ഥം എന്താണ്?

പ്രവർത്തനം 3

'ഡയറി എഴുതാം'

മാധുരിയുടെ പിറന്നാൾ ദിനം വന്നെത്തി. പുറത്തെ ആരവം കേട്ട് മുറ്റത്തേക്ക് നോക്കിയ മാധുരി അത്ഭുതപ്പെട്ട് പോയി. തന്റെ കൂട്ടുകാർ എല്ലാവരും എത്തിയിരിക്കുന്നു. എല്ലാവരുടേയും കൈയിൽ ചെറുതും വലുതുമായ സമ്മാനപ്പൊതികൾ. അരുണിമ നീട്ടിയ പൊതിയിൽ അവളുടെ ഏറ്റവും ഇഷ്ടപ്പെട്ട 'മഞ്ഞപ്പാവാട'. എല്ലാവരും നല്ല ഉത്സാഹത്തിലായിരുന്നു. പാട്ടും കളിയുമായി അവർ നന്നായി ആഘോഷിച്ചു. അകത്ത് നിന്നും പായസത്തിന്റെ മണം. സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞ് അച്ഛനും അമ്മയും. മാധുരിക്ക് ഓർമ്മയിൽ സൂക്ഷിക്കാൻ മനോഹരമായ ഒരു ദിവസമായിരുന്നു അന്ന്. നിറഞ്ഞ മനസ്സോടെ മാധുരി തന്റെ ഡയറി എടുത്ത് അന്നത്തെ അനുഭവങ്ങൾ എഴുതിത്തുടങ്ങി...

എന്തൊക്കെയായിരിക്കും മാധുരി ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ടാവുക? നമുക്ക് എഴുതി നോക്കാം.

എന്റെ ഡയറി

പ്രവർത്തനം 4

കവിത പൂരിപ്പിക്കാം....

പൂവായ് പിറന്നിരുന്നെങ്കിൽ....
ഞാനിന്ന് പൂമണം തൂവിയേനെ
പൂമരമായെങ്കിൽ - വേനലിൽ
തണലായ് തീർന്നിടാം ഞാൻ
..................................................
..................................................
..................................................
..................................................

വരികൾ കൂട്ടിച്ചേർത്ത് കവിത പൂർണ്ണമാക്കൂ..

**പ്രവർത്തനം 5 വിവരണം തയ്യാറാക്കാം**

നിങ്ങൾക്ക് കളികൾ ഇഷ്ടമല്ലേ?

നിങ്ങൾക്കിഷ്ടപ്പെട്ട ഒരു നാടൻ കളിയുടെ പേരെഴുതുക

അതിനെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.



ചിത്രത്തിലെ കളി ഏതാണ്?